**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ച എല്ലാവരും കോവിഡ് മരണത്തിന്റെ കണക്കിൽ ഉൾപ്പെടാതിരുന്നതിനാൽ അവരുടെ ആശ്രിതർ സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള നഷ്ടപരിഹാര പട്ടികയിൽ ഉൾപ്പെടില്ല എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ട പരിഹാര നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (ബി) | കോവിഡും കോവിഡാനന്തര രോഗങ്ങളും മൂലം മരിച്ച എല്ലാവരുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കത്തക്കവണ്ണം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ് മൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ-16 മുതൽ ആരോഗ്യവകുപ്പ് വെബ് സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനു മുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ കാലയളവിൽ മരണപ്പെട്ട പോയവരുടെ മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മാറ്റണമെന്ന നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാ തല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO യുടെയും ICMR ന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങളുടെ സ്ഥിരീകരണം നടത്തിവരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും; ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും; പിന്നീട് സംസ്ഥാന തലത്തിൽ ഇത് ക്രോഡീകരിക്കുകയും; റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. തത്സമയ എൻട്രി |

| | | | |
|---|---|---|---|
| | | | സംവിധാനമാണ് ഇതിനുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി ഒഴിവാക്കപ്പെടുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടുത്തെ ഡോക്ടറാണ് മരണ കാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിതീകരിക്കുന്നു. നേരത്തേ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽ വച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിതീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാന തലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ